**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3029** **18-03-2022 - ൽ മറുപടിയ്ക്ക്**

**മുല്ലപ്പെരിയാർ ബേബി ഡാമിന്റെ ബലപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | null<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | 17.9.2021 -ന് നടന്ന കേരള-തമിഴ്നാട് അന്തർസംസ്ഥാന സെക്രട്ടറിതല സമിതി യോഗത്തിൽ മുല്ലപ്പെരിയാറിലെ ബേബി ഡാമിന്റെ ബലപ്പെടുത്തലുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്തിരുന്നോ; എങ്കിൽ പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (എ) | 2021 സെപ്തംബർ മാസം 17-ാം തീയതി കേരള തമിഴ്നാട് സെക്രട്ടറിമാരുടെ അന്തർ സംസ്ഥാന സെക്രട്ടറിതല സമിതിയുടെ മൂന്നാമത് യോഗം ഓൺലൈൻ മുഖാന്തിരം നടത്തുകയും ആയതിൽ അന്തർ സംസ്ഥാന നദീജലകരാറുകളുമായി ബന്ധപ്പെട്ട വിഷയങ്ങളിന്മേൽ ചർച്ചകൾ നടക്കുകയും ചെയ്തിട്ടുണ്ട്. അസ്സൽ അന്യായം 3/2006-നു ബഹു. സുപ്രീം കോടതിയുടെ 07/05/2014-ലെ വിധി പ്രകാരം, ബേബി ഡാമിന്റെ ബലപ്പെടുത്തൽ നടപടികളുടെ ഭാഗമായി ബാക്കിയുള്ള പ്രവൃത്തികൾ ചെയ്യുന്നതിനായി ബേബി ഡാമിനു താഴെയായി നിലനിന്നിരുന്ന 23 മരങ്ങൾ മുറിച്ചു നീക്കുന്നതിനുള്ള അനുമതിയ്ക്കായി (Forest Clearance) കേന്ദ്ര സർക്കാരിന്റെ PARIVESH പോർട്ടൽ മുഖാന്തിരം തമിഴ്നാട് 2015-ൽ സമർപ്പിച്ച അപേക്ഷയുടെ ഭാഗമായി, തമിഴ്നാട്ടിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കേരള വനം വകുപ്പ് ഉദ്യോഗസ്ഥരും സംയുക്തമായി 2021 ജൂൺ മാസത്തിൽ നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ 15 മരങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്നും, ആയത് മുറിച്ചു നീക്കുന്നതിനുള്ള അനുമതിയ്ക്കായുള്ള തമിഴ്നാടിന്റെ അപേക്ഷ പരിശോധനയിലാണെന്നും കേരള ഫോറസ്റ്റ് ആന്റ് വൈൽഡ് ലൈഫ് പ്രിൻസിപ്പൽ സെക്രട്ടറി പ്രസ്തുത യോഗത്തിൽ അറിയിച്ചു. ടി യോഗത്തിന്റെ കരട് മിനിട്സ് തയ്യാറാക്കി, അംഗീകാരത്തിനായി തമിഴ്നാട് സർക്കാരിന് ലഭ്യമാക്കിയി ട്ടുണ്ടെങ്കിലും ആയത് അംഗീകരിച്ച് തിരികെ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ